Mobile/ Whatsapp: +9194959 98258
Website:http://www.kwa.kerala.gov.in

Tel: 0471 2738300
Consumer Helpline Number
1916 [24X7] [Toll Free]
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 10636/AE 15/2022/കെ ഡബ്ല്യു എ

തീയതി: 28.12.2022

**<u>സർക്കുലർ</u>**

വിഷയം:- PRICE 3.0 - ജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാർക്ക് കോൺട്രാക്ടേഴ്സ് പോർട്ടലിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാൻ വേണ്ടിയുള്ള നിർദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്;

സൂചന :- ഈ ഓഫീസിലെ 07.11.2022 തീയതിയിലെ 10636/AE 15/2022/KWA നമ്പർ സർക്കുലർ.

PRICE 3.0 സോഫ്റ്റ് വെയറിന്റെ ആദ്യ ഘട്ടം ജൂൺ 2022 മുതൽ ജല അതോറിറ്റിയിൽ നടപ്പിലാക്കിയിട്ടുണ്ട്. PRICE 3.0 യുടെ രണ്ടാം ഘട്ടം ജനുവരി 2023 മുതൽ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള PRICE 3.0 യുടെ ഒരു പ്രധാന ഘടകം കോൺട്രാക്ടേഴ്സ് പോർട്ടലാണ്. കരാറുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർണമായും തന്നെ PRICE 3.0 യിലെ കോൺട്രാക്ടേഴ്സ് പോർട്ടൽ വഴിയാണ് നടപ്പിലാക്കുന്നത്. ഇതിനായി ജല അതോറിറ്റിയിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കരാറുകാർക്കും വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- ജല അതോറിറ്റിയിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കരാറുകാരും http://contractors.kerala.gov.in എന്ന വെബ്സൈറ്റിൽ അവരവരുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്. ആദ്യപടിയായി കരാറുകാർ ലോഗിൻ പേജിൽ പുതിയ പാസ്സ്‌വേർഡ് നൽകേണ്ടതാണ്. ഇതിനായി "forgot password" എന്ന ഓപ്ഷൻ തിരഞ്ഞെടുത്ത്, ജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത PAN നമ്പറും, ഇ-മെയിൽ ഐഡിയും, മൊബൈൽ നമ്പറും ഉപയോഗപ്പെടുത്തി പുതിയ പാസ്സ്‌വേർഡ് സ്വീകരിക്കേണ്ടതുമാണ്.
- രജിസ്ട്രേഷൻ നടപടിക്രമങ്ങളുടെ വിശദമായ നിർദ്ദേശങ്ങൾ https://contractors.kerala.gov.in/contractorportal/instruction.htm എന്ന ലിങ്കിൽ ലഭ്യമാണ്.

Draft #24 of File 10636/AE 15/2022/KWA Approved by Chief Engineer (Projects and Operations) on 28-Dec-2022 10:32 PM - Page 1

- കോൺട്രാക്ടേഴ്സ് പോർട്ടലിൽ കരാറുകാർ നടപ്പിലാക്കേണ്ട വിവിധ പ്രവൃത്തികളുടെ വിശദമായ വീഡിയോ ട്യൂട്ടോറിയൽ https://contractors.kerala.gov.in/contractorportal/tutorials.htm എന്ന ലിങ്കിൽ ലഭ്യമാണ്.
- നിലവിൽ രജിസ്ട്രേഷൻ ഉള്ള കരാറുകാരെ PRICE 3.0 സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം 07.11.2022 തീയതിയിലെ 10636/AE 15/2022/KWA നമ്പർ സർക്കുലർ പ്രകാരം കോൺട്രാക്ട് ലൈസൻസ് നൽകാൻ ചുമതലപ്പെടുത്തിയിട്ടുള്ള എല്ലാ ജല അതോറിറ്റി ഓഫീസുകൾക്കും നല്കിയിട്ടുള്ളതാണ്. നിലവിൽ ജല അതോറിറ്റി രജിസ്ട്രേഷൻ ഉള്ള എല്ലാ കരാറുകാരും ഇക്കാര്യം കോൺട്രാക്ടേഴ്സ് പോർട്ടലിൽ പരിശോധിക്കേണ്ടതും, ഏതെങ്കിലും കാരണവശാൽ ഇങ്ങനെ ഉൾപ്പെടുത്താതെ വന്നിട്ടുണ്ടെങ്കിൽ, അതിനായി ലൈസൻസ് ലഭിച്ച ഓഫീസുമായി അടിയന്തരമായി ബന്ധപ്പെടേണ്ടതുമാണ്.
- നിലവിൽ ജല അതോറിറ്റിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ മാത്രമേ കോൺട്രാക്ടേഴ്സ് പോർട്ടൽ മുഖേന കൈകാര്യം ചെയ്യേണ്ടതുള്ളൂ. പുതിയ ലൈസൻസ് എടുക്കുന്നതിനും, ലൈസൻസ് പുതുക്കുന്നതിനും, നിലവിലുള്ള നടപടിക്രമങ്ങൾ തന്നെ പാലിക്കേണ്ടതാണ്.

ജല അതോറിറ്റിയിലെ കരാർ പ്രവൃത്തികൾ ജനുവരി 2023 മുതൽ പൂർണ്ണമായും PRICE 3.0 യിലൂടെ മാത്രം നടപ്പിലാക്കേണ്ടതിനാൽ, നിലവിൽ ജല അതോറിറ്റി രജിസ്ട്രേഷൻ ഉള്ള എല്ലാ കരാറുകാരും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിയ്ക്കേണ്ടതും, PRICE 3.0 **സോഫ്റ്റ് വെയറിലെ രജിസ്ട്രേഷൻ നടപടികൾ 10 ജനുവരി 2023 നകം പൂർത്തീകരിക്കേണ്ടതുമാണ്.**

ANILKUMAR K K
ചീഫ്എഞ്ചിനീയർ (പ്രോജക്ട്സ് ആൻറ് ഓപ്പറേഷൻസ് )

സ്വീകർത്താവ്

ജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കരാറുകാർക്കും

പകർപ്പ്:-

1. ചീഫ് എഞ്ചിനീയർ (ഉത്തര/ദക്ഷിണ/മധ്യ മേഖല/വാസ്ഗോൺ&PPD) - അറിവിലേക്കും, അനന്തര നടപടികളിലേക്കുമായി.
2. എല്ലാ സർക്കിൾ/ഡിവിഷൻ/സബ് ഡിവിഷൻ/സെക്ഷൻ ഓഫീസ് മേധാവികൾക്കും - അതത് ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കരാറുകാരെയും അറിയിക്കുന്നതിലേക്കും, നോട്ടീസ് ബോർഡുകളിൽ പതിപ്പിക്കുന്നതിലേക്കുമായി.

Draft #24 of File 10636/AE 15/2022/KWA Approved by Chief Engineer (Projects and Operations) on 28-Dec-2022 10:32 PM - Page 2

The document is digitally approved. Hence signature is not needed.